**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1535** **12.06.2019 ൽ മറുപടിയ്ക്ക്**

**നാളികേര വികസന കോർപ്പറേഷന്റെ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോർജ് എം. തോമസ്**<br>**ശ്രീ. എം. മുകേഷ്**<br>**ശ്രീ. യു. ആർ. പ്രദീപ്**<br>**ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) സംസ്ഥാനത്ത് നാളികേര കൃഷി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉല്പാദനശേഷി കുറഞ്ഞ തെങ്ങിൻതോട്ടങ്ങളുടെ പുനരുജ്ജീവനത്തിനും ആവർത്തന കൃഷിയ്ക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഇതിനായി നാളികേരവികസന കോർപ്പറേഷൻ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | എ) & ബി) നാളികേര വികസന കോർപ്പറേഷൻ ഇതിനായി പദ്ധതി നടപ്പിലാക്കുന്നില്ല. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷി സംരക്ഷണവും അഭിവൃദ്ധി പ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കി വരുന്നു. രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കം കുറഞ്ഞ ഇനം തൈകൾ നട്ടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം. എന്നിവയിലൂടെ ശാസ്ത്രീയ കൃഷി രീതികൾ പാലിച്ചും ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്രനാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ നിയന്ത്രണമാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നടപടികളും നാളികേര കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തോപ്പുകളിലെ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലും തെങ്ങിൻതൈകൾ വിതരണം ചെയ്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | പുതിയ സങ്കരയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനായി ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേക്കും സംരംഭകരിലേക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രവുമായി സഹകരിച്ച് കുറിയ/ഉയരം കുറഞ്ഞ തെങ്ങിൻതൈകളുടെ ഉല്പാദനത്തിനായി ഒരു പദ്ധതി 2018-19 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ മാതൃവൃക്ഷങ്ങൾ ജിയോടാഗ് ചെയ്യുന്നതിനും ഗുണമേൻമയുള്ള വിത്തുതേങ്ങ സംഭരിച്ച് തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു |

Mayal

**സെക്ഷൻ ഓഫീസർ**